"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. എൽ. വിനയന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2306/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1 ശ്രീ. എൽ. വിനയൻ സമർപ്പിച്ച 29.09.2020-ലെ അവധി അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 07.11.2020-ലെ PAN/13108/2020-E2(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. എൽ. വിനയൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ. ടിയാന് 23.06.2020 മുതൽ 20.10.2020 വരെ (120 ദിവസം) ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും, ടി കാലാവധിയുടെ തുടർച്ചയായി 31.05.2020 വരെ ആകെ 223 ദിവസത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരം ശൂന്യവേതനാവധി കാലയളവ് 120 ദിവസം അധീകരിച്ച് ആകെ 343 ദിവസമായതിനാൽ 23.06.2020 മുതൽ 20.10.2020 വരെയുള്ള 1 2 0 ദിവസത്തേക്ക് അനുവദിച്ചിരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി, തൃക്കരുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.10.2020 - ലെ എ4 - 4453/2020 നമ്പർ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ 23.06.2020 മുതൽ 31.05.2021 വരെ ആകെ 3 4 3 ദിവസത്തേക്കുള്ള ശൂന്യവേതനാവധി കെ.എസ്.ആർ. പാർട്ട് 1 - ലെ റൂൾ 88 പ്രകാരം അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ശ്രീ. എൽ. വിനയൻ സമർപ്പിച്ച അവധി അപേക്ഷ ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ശ്രീ. എൽ. വിനയന്റെ ഭാര്യ 15.02.2018-ൽ മരണപ്പെടുകയുണ്ടായിയെന്നും തുടർന്ന് 14 വയസ്സ മാത്രം പ്രായമുള്ള മകളുടെ തുടർ ചികിത്സകൾ നടത്തി വരവെ ലോക്ക് ഡൗൺ മൂലം ടിയാനും മകളും താമസിച്ചിരുന്ന വീട്ടിൽ ടിയാൻ ജോലിയ്ക്ക് പോയിക്കഴിഞ്ഞാൽ മകൾ ഒറ്റയ്ക്കാവുകയും തന്മൂലം മകൾക്ക് മാനസികമായ അസ്വസ്ഥതകൾ ഉണ്ടാവുകയും ചെയ്തതിനെ തുടർന്ന് സൈക്യാട്രിസ്റ്റിന്റെ ഉപദേശം അനുസരിച്ച് ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയാണ് ഉണ്ടായത് എന്നും മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതിരുന്നതിനാലാണ് അപ്രകാരം അവധിയിൽ പ്രവേശിക്കേണ്ടി വന്നത് എന്നും ശ്രീ. എൽ. വിനയൻ അറിയിച്ചിട്ടുണ്ട്.

3. മേൽ വസ്തുതകൾ പരിശോധിച്ചതിൽ ശ്രീ. എൽ. വിനയന്റെ അപേക്ഷ പരിഗണാർഹമാണ്

എന്നു കാണുന്നതിനാൽ തൃക്കരുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. എൽ. വിനയന് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ 23.06.2020 മുതൽ 31.05.2021 വരെ (343 ദിവസത്തേക്ക്) കെ.എസ്.ആർ. പാർട്ട് 1 - ലെ Rule 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ. എൽ. വിനയന്റെ സേവനപുസ്തകത്തിൽ ഇതുസംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തൽ നിയമനാധികാരി ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. എൽ. വിനയൻ, അസിസ്റ്റന്റ് സെക്രട്ടറി, തൃക്കരുവ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.15 11:10:52 IST
Reason: Approved

സെക്ഷൻ ഓഫീസർ